പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ. 2428

09.03.2018 -ലെ മറുപടിക്ക്

## ലേബർ കോഡ് ഓൺ സോഷ്യൽ സെക്യൂരിറ്റി ആന്റ് വെൽഫയർ ബിൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ : | ശ്രീ. ടി.പി.രാമകൃഷ്ണൻ<br>(ബഹു: തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) കേന്ദ്ര സർക്കാർ പ്രസിദ്ധീകരിച്ച ലേബർ കോഡ് ഓൺ സോഷ്യൽ സെക്യൂരിറ്റി ആന്റ് വെൽഫയർ ബില്ലിലെ വ്യവസ്ഥകൾ സംസ്ഥാനത്തെ തൊഴിലാളികളുടെ താല്പര്യങ്ങൾക്ക് വിരുദ്ധമാണെന്ന് സർക്കാരിന് അഭിപ്രായമുണ്ടോ; ഉണ്ടെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കുമോ; | (എ) ഉണ്ട്. (1) കേന്ദ്ര സർക്കാർ പ്രസിദ്ധീകരിച്ച ലേബർ കോഡ് ഓൺ സോഷ്യൽ സെക്യൂരിറ്റി ആന്റ് വെൽഫയർ ബില്ലിന്റെ കരടിൽ സ്കീമുകളെ സംബന്ധിച്ചും തൊഴിലാളികൾക്ക് നൽകേണ്ട ആനുകൂല്യങ്ങളെ സംബന്ധിച്ചും പരാമർശിക്കുന്നില്ല.<br><br>(2) ലേബർ കോഡ് ഓൺ സോഷ്യൽ സെക്യൂരിറ്റി ആന്റ് വെൽഫയർ ബില്ല് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് നാഷണൽ സോഷ്യൽ സെക്യൂരിറ്റി കൗൺസിൽ, സെൻട്രൽ ബോർഡ് ഓഫ് സോഷ്യൽ സെക്യൂരിറ്റി, സ്റ്റേറ്റ് ബോർഡ് ഓഫ് സോഷ്യൽ സെക്യൂരിറ്റി എന്നിവയിൽ ട്രേഡ് യൂണിയൻ തൊഴിലാളി/തൊഴിലുടമ പ്രതിനിധികൾക്ക് മതിയായ പ്രാതിനിധ്യം ഇല്ല.<br><br>(3) ഇപ്പോൾ നിലവിലുള്ള എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് ആക്ട്, മിസലേനിയസ് ആക്ട്, എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് സ്കീം, എംപ്ലോയീസ് ഡെപ്പോസിറ്റ് ലിങ്ക്ഡ് ഇൻഷുറൻസ് സ്കീം, എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷുറൻസ് ആക്ടിന്റെ പരിധിയിലുള്ള വിവിധ സ്കീമുകൾ ഉൾപ്പെടെ റദ്ദാക്കപ്പെടും. നിലവിലുള്ള സ്കീം ഇംപ്ലിമെന്റേഷൻ ഘടന തകർക്കപ്പെടും. പുതിയ സ്കീം നിലവിൽ വരുമ്പോൾ ഇപ്പോൾ നിലവിലുള്ള ക്ഷേമപദ്ധതികളും ക്ഷേമഫണ്ടുകളും നിലനിൽക്കാത്ത സാഹചര്യം ഉണ്ടാകും. നിലവിലുള്ള ഇ.പി.എഫ്, ഇ.എസ്.ഐ സ്കീമുകൾ തുടരണമോ എന്നതു സംബന്ധിച്ച് കോഡിൽ പരാമർശിക്കുന്നില്ല.<br><br>ഇ.പി.എഫ്, ഇ.പി.എസ്, ഇ.എസ്.ഐ മുതലായ സാമൂഹ്യ സുരക്ഷാ പദ്ധതികൾ കേന്ദ്ര സർക്കാരിൽ നിന്നും മാറ്റി സംസ്ഥാനങ്ങൾക്ക് നൽകാനുള്ള ശുപാർശ ഉചിതമല്ല.<br><br>കേരളത്തിൽ നിലവിലുള്ള ക്ഷേമനിധികളിൽ നാമമാത്രമായ അംശാദായമേ തൊഴിലാളികളിൽ നിന്ന് ഈടാക്കി വരുന്നുള്ളൂ. |

പുതിയ നിയമപ്രകാരം തൊഴിലാളി അടയ്ക്കേണ്ടി വരുന്നത് വേതനത്തിന്റെ 12.5% ആണ്. നിലവിൽ 10,000/- രൂപ മാസശമ്പളമുള്ള ഒരു പീടികത്തൊഴിലാളി മാസം 20 രൂപ അംശദായം അടയ്ക്കുമ്പോൾ പുതിയ നിയമപ്രകാരം 1250/- രൂപ അടയ്ക്കേണ്ടതായി വരും. അസംഘടിതമേഖലയിലെ ലക്ഷോപലക്ഷം തൊഴിലാളികളാണ് നാമമാത്രമായ അംശാദായം നൽകി വിവിധതരത്തിലുള്ള ആനുകൂല്യങ്ങൾ കേരളത്തിൽ കൈപ്പറ്റി വരുന്നത്. പുതിയ നിയമപ്രകാരമുള്ള തൊഴിലാളി വിഹിതം നൽകാൻ കഴിയാതെ വന്നാൽ ഇവർക്ക് തങ്ങളുടെ രജിസ്ട്രേഷൻ നിലനിർത്താൻ കഴിയാതെ വരും.

(4) സംസ്ഥാന തലത്തിൽ സ്കീം നടപ്പിലാക്കുന്നതിന് സ്വകാര്യ പങ്കാളിത്തം നൽകാനുള്ള തീരുമാനം ആശാസ്യമല്ല.

(5) അസംഘടിത മേഖലയിലെ തൊഴിലാളികൾ, അപ്രന്റീസുകൾ എന്നിവർക്ക നൽകുന്ന ആനുകൂല്യം സംബന്ധിച്ചും അവ്യക്തത നിലനിൽക്കുന്നു.

(6) സംഘടിത മേഖലകളിലെയും അസംഘടിത മേഖലകളിലെയും തൊഴിലാളികളുടെ സേവന വേതന മേഖലകളിൽ നിലനിൽക്കുന്ന അന്തരം പരിഗണിച്ചിട്ടില്ല. ഇരു വിഭാഗം തൊഴിലാളികളും ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് മാസവേതനത്തിന്റെ 12.5% നൽകണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ദേശീയതലത്തിലും, സംസ്ഥാന തലത്തിലും അതിവിപുലമായി രീതിയിൽ വിഭാവനം ചെയ്യുന്ന ഈ സാമൂഹ്യ സുരക്ഷാ സംവിധാനത്തിന്റെ വിവിധ തലത്തിലുള്ള നിർവ്വഹണം മധ്യവർത്തി ഏജൻസികൾ മുഖേന നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് കാണുന്നു. ഫണ്ട് മാനേജ്മെന്റ്, സേവനദാനം, ആനുകൂല്യ വിതരണം, രേഖാ സൂക്ഷിപ്പ് എന്നിവയ്ക്കെല്ലാം ഇപ്രകാരമുള്ള ഏജൻസികൾക്ക് ലൈസൻസ് നൽകുമെന്നാണ് പറയുന്നത്. തൊഴിൽ വകുപ്പും വിവിധ ക്ഷേമബോർഡുകളും ഉൾപ്പെടെയുള്ള സർക്കാർ സംവിധാനം നമ്മുടെ സംസ്ഥാനത്ത് കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ഇ.പി.എഫ്, ഇ.എസ്.ഐ

സംവിധാനങ്ങൾക്ക് നിലവിലുള്ള ജീവന ക്കാരും സംഘടനയും നിയമ നിർദ്ദേശ പ്രകാരം സാമൂഹ്യസുരക്ഷാ ബോർഡുകളിലേയക്ക് വിന്യസിക്കേണ്ടിവരും. സർക്കാർ നിയന്ത്രിത സംവിധാനങ്ങൾ നിലനിൽക്കുമ്പോൾ സർക്കാർ ഇതര മധ്യവർത്തി ഏജൻസികളെ നിർവ്വഹണം ഏൽപ്പിക്കുന്നത് അഭികാമ്യമല്ല

മറ്റൊരു സുപ്രധാന വിഷയം ഫണ്ട് മാനേജ്മെന്റുമായി ബന്ധപ്പെട്ടതാണ്. സംസ്ഥാന ബോർഡിൽ നിന്നും വരുന്ന അധിക ഫണ്ടുകൾ സെൻട്രൽ ബോർഡിലേയ്ക്ക് അടവാക്കണമെന്നും അതു പ്രൊഫഷണൽ വൈദഗ്ധ്യത്തോടെ നിക്ഷേപ സാധ്യതകൾക്കായി വിനിയോഗിക്കണമെന്നും സ്കീം നടപ്പിലാക്കുന്നതിന്റെ ചെലവിനങ്ങൾക്ക് അത് സംസ്ഥാന ബോർഡുകളിലേയ്ക്ക് മടക്കി നൽകുമെന്നാണ് പറയുന്നത്. ഈ നിർദ്ദേശം തൊഴിലാളി താല്പര്യത്തിന് എതിരാകും എന്ന നിഗമനമാണ് സംസ്ഥാന സർക്കാരിനുള്ളത്

| | |
|---|---|
| (ബി)ഈ ബിൽ സംബന്ധിച്ച സർക്കാരിന്റെ അഭിപ്രായം കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ? | (ബി) ഉണ്ട്. |

Sreekala
സെക്ഷൻ ഓഫീസർ